**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2579** **21-01-2021 - ൽ മറുപടിയ്ക്ക്**

**പാറോപ്പടി ജലാശയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എ . പ്രദീപ് കുമാർ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പാറോപ്പടിയിൽ വിശാലമായ ജലാശയം നിർമ്മിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം; ഈ പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ പാറോപ്പടി ജലാശയ നിർമ്മാണത്തിനായി പദ്ധതികൾ ആരംഭിച്ചിട്ടില്ല. ജില്ലാ കളക്ടർ ചെയർമാനായ DTPC, കോഴിക്കോട് പാറോപ്പടി ജലാശയ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസൾട്ടൻറ് ഡിസൈനും സാമ്പത്തിക വിശകലനവും ഉൾപ്പെടെയുള്ള കൺസപ്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 60 ഏക്കർ സ്ഥലത്ത് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മിനി തിയറ്റർ, ഔട്ട് ഡോർ സ്പെയ്സസ്, റസ്റ്റോറൻറുകൾ, ഫ്ളോട്ടിംഗ് ഓർഗാനിക് മാർക്കറ്റ്സ്, റിക്രിയേഷൻ & സ്പോട്സ്, യോഗ/മെഡിറ്റേഷൻ/പിക്നിക് സോൺ, കമ്മ്യൂണിറ്റി ഹബ്ബ്, മിനി കൺവെൻഷൻ അരീന, ജലവിനോദ ഉപാധികൾ, നടപ്പാതകൾ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളായി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | ഈ പദ്ധതിയ്ക്കായി എത്ര രൂപയാണ് വകയിരുത്തിയതെന്ന് വിശദീകരിക്കാമോ; | (ബി) | പദ്ധതിയുടെ കരട് റിപ്പോർട്ട് പ്രകാരം 147.39 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (സി) | പാറോപ്പടി ജലാശയ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിന് രണ്ട് പബ്ലിക് കൺസൾട്ടേഷൻ മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. |
| (ഡി) | പാറോപ്പടി ജലാശയത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും ആയത് എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ